# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ - 3836

19.02-2013-ലെ മറുപടിയ്ക്ക്

## ടൈറ്റാനിയം അഴിമതിക്കേസ് അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ.എസ്.സലീഖ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും<br>വകുപ്പ് മന്ത്രി |
| എ) ടൈറ്റാനിയം അഴിമതിക്കേസ് അന്വേഷണം വൈകുന്നത് സംബന്ധിച്ച് 2013 ഫെബ്രുവരി 5ന് വിജിലൻസ് വകുപ്പിനെതിരെ തിരുവനന്തപുരം വിജിലൻസ് പ്രത്യേക കോടതി രൂക്ഷ വിമർശനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടുവോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) എങ്കിൽ പ്രസ്തുത കേസ്സിൽ ആരൊക്കെ നിലവിൽ പ്രതികളെന്നും ഇതിൽ എത്രപേർ ഇപ്പോഴത്തെ മന്ത്രിസഭയിൽ ഉണ്ടെന്നും എത്ര കോടി രൂപയുടെ അഴിമതി സംബന്ധിച്ചാണ് അന്വേഷണം നടക്കുന്നതെന്നും വ്യക്തമാക്കുമോ ; | ബി പ്രസ്തുത വിജിലൻസ് അന്വേഷണം (വി.ഇ.30/2006/എസ്.ഐ.യു) നടന്നു വരുന്നു. നിലവിൽ ആരെയും പ്രതികളാക്കി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. ശ്രീ.സെബാസ്റ്റ്യൻ ജോർജ്ജ് എന്ന വ്യക്തി സർക്കാരിനു സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലാണ് വിജിലൻസ് അന്വേഷണം ആരംഭിച്ചിട്ടുള്ളത്. ശ്രീ. ജി. സുനിൽ വിജിലൻസ് കോടതിയിൽ സമർപ്പിച്ച സി.എം.പി 845/2006-ൽ എതിർകക്ഷികളായി<br>ശ്രീ. ഈപ്പൻ ജോസഫ്, ശ്രീ.ജി. സന്തോഷ്കുമാർ, ശ്രീ.എ.എം. ഭാസ്ക്കരൻ, ശ്രീ.തോമസ് മാത്യു, ശ്രീ.ബി. ഗോപകുമാരൻ നായർ |

തുടങ്ങിയവരെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പരാതി നിലവിലുള്ള വിജിലൻസ് അന്വേഷണത്തിനോടൊപ്പം ചേർത്ത് അന്വേഷിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ.ഈപ്പൻ ജോസഫിനെയും, ശ്രീ.രാജീവനെയും എതിർകക്ഷികളായി ഉൾപ്പെടുത്തി "സേവ് ടൈറ്റാനിയം ഫോറം" എന്ന പേരിൽ ലഭിച്ച ഒരു പരാതിയിലെ ആരോപണങ്ങൾ നിലവിലുള്ള വിജിലൻസ് അന്വേഷണവുമായി ചേർത്ത് അന്വേഷിക്കുവാൻ ഉത്തരവിട്ടിരുന്നു.

നിലവിലുള്ള അന്വേഷണം തുടരവെ, ശ്രീ. ജയൻ എന്ന വ്യക്തി തിരുവനന്തപുരം വിജിലൻസ് കോടതിയിൽ സി.എം.പി. 802/2011 നൽകി. സി.എം.പി. 802/2011-ലെ 6/9/2011-ലെ ഉത്തരവു പ്രകാരം നടന്നുവരുന്ന വിജിലൻസ് അന്വേഷണത്തിലെ (വി.ഇ.30/2006/ എസ്.ഐ.യു) വിഷയം സമാന സ്വഭാവമുള്ളതിനാൽ പ്രസ്തുത പരാതി കൂടി പരിഗണിച്ച് അന്വേഷണം നടത്തുവാൻ ഉത്തരവിട്ടിട്ടുണ്ട്. ട്രാവൻകൂർ ടൈറ്റാനിയം കമ്പനിയിലെ മലിനീകരണ നിവാരണ പദ്ധതിയ്ക്കായി 19/05/2005 തീയതിയിലെ ജി.ഒ. (എം.എസ്) 51/2005/വ്യവ പ്രകാരം അംഗീകാരം നൽകിയതുവഴി 256.10 കോടി രൂപയുടെ അഴിമതി നടന്നു എന്നതു സംബന്ധിച്ചാണ് പരാതിയിൽ പറഞ്ഞിട്ടുള്ളത്

സി) വിജിലൻസിന്റെ അന്തിമ റിപ്പോർട്ട് എപ്പോൾ നൽകാനാണ് വിജിലൻസ് പ്രത്യേക കോടതി ഉത്തരവ് നൽകിയിട്ടുള്ളത്; വിശദമാക്കുമോ;

ഡി) പ്രസ്തുത കേസ്സ് എത്ര വർഷമായി നടക്കുന്നു; കേസ്സ് അന്വേഷിക്കുന്ന വിജിലൻസ് ഉദ്യോഗസ്ഥൻ ആരാണ്; അന്തിമ റിപ്പോർട്ട് സമർപ്പിക്കാൻ കോടതി നിർദ്ദേശം നൽകിയ അവസരങ്ങളിലെല്ലാം ഇടക്കാല റിപ്പോർട്ട് സമർപ്പിച്ച് കൂടുതൽ സമയംആവശ്യപ്പെടുന്ന അന്വേ ഷണ ഉദ്യോഗസ്ഥന്റെ സമീപനമാണോ കോടതിയെ പ്രകോപിപ്പിക്കാൻ കാരണമായത് ; വ്യക്തമാക്കുമോ ;

സി) & ഡി) 05/03/2013 തീയതിയ്ക്കുള്ളിൽ അന്തിമ റിപ്പോർട്ട് സമർപ്പിക്കാനാണ് വിജിലൻസ് കോടതി ഉത്തരവിട്ടിട്ടുള്ളത്. പ്രസ്തുത വിജിലൻസ് അന്വേഷണം ഏഴു വർഷമായി നടന്നു വരുന്നു. ഇപ്പോഴത്തെ അന്വേഷണ ഉദ്യോഗസ്ഥൻ വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടായ ശ്രീ.വി.അജയ കുമാറാണ്. അന്വേഷണ റിപ്പോർട്ട് നൽകാൻ കോടതി നിർദ്ദേശിച്ച സമയത്തിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാൻ സാധിക്കാതെ റിപ്പോർട്ട് നൽകിയതു കൊണ്ടാണ് പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ചത്.

ഇ) പ്രസ്തുത കേസ്സ് അടിയന്തിരമായി തീർപ്പാക്കി കോടതിയിൽ അന്തിമ റിപ്പോർട്ട് നൽകിയില്ലെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥനെതിരെ നടപടിയെടുക്കേണ്ടിവരുമെന്ന കോടതി നിർദ്ദേശം നടപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ?

അന്തിമ റിപ്പോർട്ട് കോടതി ഉത്തരവ് പ്രകാരം യഥാസമയം ഹാജരാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ